**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **05-07-2022 - ൽ മറുപടിയ്ക്ക്**

**പാലുത്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിൽ കഴിഞ്ഞ 6 വർഷമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയത്; എത്ര കോടി രൂപ ഇതിനായി ചെലവഴിച്ചു; പാലുത്പാദനത്തിൽ ഇക്കഴിഞ്ഞ 6 വർഷങ്ങളിൽ എത്രത്തോളം മാറ്റം കൊണ്ടു വരാൻ കഴിഞ്ഞു; സ്വയംപര്യാപ്തതയിലേക്ക് എത്തണമെങ്കിൽ ഇനിയും എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടത്; | (എ) | സംസ്ഥാനത്തെ പാലുത്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക്നയിക്കുന്നതിൽ കഴിഞ്ഞ 6 വർഷമായി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതി, ഗോധനം(സങ്കരയിനം) , ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾ<br><br>കാലിത്തീറ്റ സബ്സിഡി, ക്ഷീരസംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ പച്ചപ്പുല്ലും വൈക്കോലും കർഷകർക്ക് നൽകുന്ന പദ്ധതി കൂടാതെ വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി കഴിഞ്ഞ ആറു വർഷങ്ങളിലായി 648.19 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.<br><br>കഴിഞ്ഞ ആറു വർഷത്തെ സംസ്ഥാനത്തെ പാലുല്പാദനം (ലക്ഷം മെട്രിക് ടണ്ണിൽ) ചുവടെ ചേർക്കുന്നു.<br><br>2017-18 — 25.76<br>2018-19 — 25.49<br>2019-20 — 25.42<br>2020-21 — 25.34<br>2021-22 — 26.61 |

| | | | |
|---|---|---|---|
| | | | പാലുൽപ്പാദനത്തിൽ സഹകരണ മേഖലയിൽ സ്വയം പര്യാപ്തത കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്. മിൽമയ്ക്ക് ഇപ്പോൾ അന്യ സംസ്ഥാനത്തെ ആശ്രയിക്കാതെ പൂർണ്ണമായും കേരളത്തിനകത്തുല്പാദിപ്പിക്കുന്ന പാൽ മാത്രം സംഭരിച്ചു വിപണനം നടത്തുവാൻ കഴിയുന്നുണ്ട്. മിൽമയുടെ കഴിഞ്ഞ ആറു വർഷത്തെ പാൽ സംഭരണവും, വില്പനയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.<br><br>മിൽമയുടെ തിരുവനന്തപുരം മേഖലായൂണിയൻ കഴിഞ്ഞ 6 വർഷങ്ങളിലായി പാൽ സംഭരണം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം മേഖലായൂണിയൻ ഓരോ സാമ്പത്തിക വർഷവും പി & ഐ ബജറ്റിൽ തുക വകയിരുത്തിക്കൊണ്ട് കർഷക ക്ഷേമ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. മലബാർ മേഖലായൂണിയൻ ഇപ്പോൾ വിതരണത്തേക്കാൾ കൂടുതൽ സംഭരണം നടത്തുന്നുണ്ട്. അധികമുള്ള പാൽ സംഭരണം കുറവുള്ള മേഖലകളി ലേക്ക് നൽകുന്നുണ്ട്. മേഖലായൂണിയനുകൾ നടത്തിവരുന്ന പദ്ധതികൾ വഴി എത്രയും പെട്ടെന്ന് സ്വയം പര്യാപ്തതയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>സഹകരണ മേഖലയിലെ 2016-17 – ലെ പ്രതിദിന ശരാശരി പാൽ സംഭരണം 16.27 ലക്ഷം ലിറ്റർ ആയിരുന്നത് 2021-22 ൽ 21.19 ലക്ഷം ലിറ്റർ ആയി വർദ്ധിച്ചു. അതായത് പ്രതിദിന സംഭരണത്തിൽ 4.92 ലക്ഷം ലിറ്റർ പാലിന്റെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയ്ക്ക് അടുത്തെത്താൻ കഴിഞ്ഞ നേട്ടം സുസ്ഥിരമാക്കുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിടാരി പാർക്ക്, ക്ഷീര ഗ്രാമം, എന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | സംസ്ഥാനത്തെ ക്ഷീര കർഷകരെ സഹായിക്കുന്നതിനായി കന്നുകാലിത്തീറ്റയും വൈക്കോൽ പോലുള്ളവയും സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ ന്യായവിലയ്ക്ക് എത്തിക്കുവാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ക്ഷീരവികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകന് കാലിത്തീറ്റയ്ക്ക് ധനസഹായം നൽകുന്നുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പ് പച്ചപ്പുല്ലിനും വൈക്കോലിനും സബ്സിഡി നൽകുന്നു.<br><br>മിൽമയുടെ കീഴിലുള്ള തിരുവനന്തപുരം മേഖലാ യൂണിയൻ 2021-22 വർഷത്തിൽ കാലിത്തീറ്റ |

സബ്സിഡി ഇനത്തിൽ 150 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.

എറണാകുളം മേഖലായൂണിയൻ വൈക്കോൽ / സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള വൈക്കോൽ, സൈലേജ്  എന്നിവ കർഷകർക്ക് സംഘം മുഖേന എല്ലാ വർഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോൽ, സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ സബ്സിഡിയും നൽകി വരുന്നു. 2021-22 സാമ്പത്തിക  വർഷത്തിൽ 126 ലക്ഷം രൂപയിലധികം ഈയിനത്തിൽ സബ്സിഡിയായി നൽകി. 2022-23 സാമ്പത്തിക വർഷത്തിലെ പി & ഐ ബജറ്റിൽ ഈയിനത്തിൽ 126 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ ഗുണനിലവാരമുള്ള മിൽമ കാലിത്തീറ്റ ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് ലഭ്യമാക്കി വരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷക്കാലമായി മിൽമ കാലിത്തീറ്റയ്ക്ക് വില വർദ്ധിപ്പിച്ചിട്ടില്ല. മേഖലാ യൂണിയന്റെ സഹോദര സ്ഥാപനമായ  എം.ആർ.ഡി.എഫ് വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീര കർഷകർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കി വരുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല്, ചോളപ്പുല്ല്, സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീര സംഘം മുഖാന്തിരം ക്ഷീര കർഷകർക്ക് കിലോ ഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോട്ടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട്.

കേരള ഫീഡ്സ് ഉത്പാദിപ്പിച്ച് വിതരണം നടത്തുന്ന കേരള ഫീഡ്സ് - എലൈറ്റ്, കേരള ഫീഡ്സ് -- മിട്ടുക്കി എന്നീ കാലിത്തീറ്റകളുടെ വില 11.12.2019 നാണ് നിശ്ചയിച്ചിട്ടുള്ളത്. അസംസ്കൃത വസ്തുക്കളുടെ വിലയിൽ കുറവ് ഉണ്ടായപ്പോൾ എല്ലാം തന്നെ ഈ വിലയിൽ നിന്ന് കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിന് അനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ വില ഗണ്യമായി വർദ്ധിച്ചിട്ടും നിലവിൽ കേരള ഫീഡ്സ് -- മിട്ടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് ₹20/- വിലക്കിഴിവ് കമ്പനി നല്കി വരുന്നുണ്ട്. സ്വകാര്യ മേഖലയിലെ പ്രധാന കാലിത്തീറ്റ ഉൽപാദകർ ഡിസംബർ 2020 മുതൽ മാർച്ച് 2022 വരെയുള്ളകാലയളവിൽ 8 തവണയായി കാലിത്തീറ്റയുടെ വിലയിൽ ₹ 210/ - വർദ്ധനവ് വരുത്തിയിട്ടുണ്ട് . കേരള ഫീഡ്സ് - എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യ മേഖലയിലെ സമാനമായ

| | | | |
|---|---|---|---|
| | | | കാലിത്തീറ്റയെക്കാൾ ₹135/-ഉം കേരള ഫീഡ്സ് - മിട്ടുക്കി കാലിത്തീറ്റയ്ക്ക് ₹ 90/-ഉം നിലവിൽ വിലക്കുറവ് ഉണ്ട്. ഗുണമേന്മയുള്ള കാലത്തീറ്റ ഏറ്റവും ന്യായമായ വിലയിൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് അസംസ്കൃത വസ്തുക്കളുടെവില അഭൂതപൂർമായി വർദ്ധിച്ച് ഭീമമായ നഷ്ടം നേരിട്ടിട്ടും കമ്പനി കാലിത്തീറ്റയുടെ വിലയിൽ വർദ്ധനവ് വരുത്താത്തത്. |

സെക്ഷൻ ഓഫീസർ